മെട്രോ വാർത്ത

26 September 2017

# മനുഷ്യച്ചങ്ങല തീർത്ത് ശുചിത്വ ബോധവത്കരണം

കൊച്ചി: പൊതുജനങ്ങൾക്കിടയിൽ ശുചിത്വ ബോധവത്കരണം സൃഷ്ടിക്കുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ജീവനക്കാർ മനുഷ്യച്ചങ്ങല തീർത്തു. കേന്ദ്രസർക്കാർ നിർദേശമനുസരിച്ച് സിഎംഎഫ്ആർഐ നടത്തിവരുന്ന ശുചിത്വ സേവന വാരാചരണത്തിന്റെ ഭാഗമായായിരുന്നു പരിപാടി. 200 ഓളംപേർ മനുഷ്യച്ചങ്ങലയിൽ അണിനിരന്നു. ശുചിത്വവുമായി ബന്ധപ്പെട്ട പ്ലക്കാർഡുകൾ പ്രദർശിപ്പിച്ചു. ഹൈക്കോടതി ജംക്ഷനിൽ നിന്ന് ഗോശ്രീ റോഡിൽ സിഎംഎഫ്ആർഐ കെട്ടിടം വരെയുള്ള സ്ഥലത്താണ് മനുഷ്യച്ചങ്ങല തീർത്തത്. ഡയറക്റ്റർ ഡോ. എ. ഗോപാലകൃഷ്ണൻ നേതൃത്വം നൽകി. ശുചിത്വ സേവനവാരത്തിന്റെ ഭാഗമായി ശുചിത്വ പ്രതിജ്ഞ, പരിസര ശുചീകരണം എന്നിവയും നടത്തി. മംഗളവന പരിസരം, സിഎംഎഫ്ആർഐയുടെ പരിസരം എന്നിവയാണ് ശുചീകരണം നടത്തിയത്. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീമിന്റെ നേതൃത്വത്തിലാണ് ശുചിത്വ പ്രവർത്തനങ്ങൾ നടക്കുന്നത്.